# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി.4/1311/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 04/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി.4/1311/2023 തീയ്യതി: 04/10/2023

## കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-01-2023 മുതൽ 14-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ഷൈനി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി. പ്രമീള.കെ.ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. അഞ്ജലി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 07-04-2022 |
| ശ്രീ. ശ്രീനിവാസൻ.പി | സെക്രട്ടറി | 08-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി. അഞ്ജലി.എസ് | അസി. സെക്രട്ടറി | 01-04-2022 | 17-10-2022 |
| ശ്രീ. രാജീവ് കാവുംപുറത്ത്താഴം | അസി. സെക്രട്ടറി | 01-11-2022 | 09-01-2023 |
| ശ്രീമതി. റീജ മാക്കഞ്ചേരി | അസി. സെക്രട്ടറി | 10-01-2023 | 31-03-2023 |
| ശ്രീമതി. ഷബീല.കെ | അസി. എഞ്ചിനിയർ | 01-04-2022 | 05-09-2022 |
| ശ്രീ. അബിലാഷ്.ടി | അസി. എഞ്ചിനിയർ | 13-09-2022 | 31-03-2023 |
| ശ്രീമതി. ദീപ.ജെ | കൃഷി ഓഫീസർ | 01-04-2022 | 31-01-2023 |
| ശ്രീമതി. ജിജിഷ.പി.കെ | കൃഷി ഓഫീസർ | 01-02-2023 | 31-03-2023 |
| ഡോ. ബേബിപ്രീത.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ടെസ്സിമെറിൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. അൻഷാദ്.എം.എച്ച് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. അസീന.സി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സ്മിത.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 09-01-2023 |
| ശ്രീമതി. ദിവ്യ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. രഞ്ജിത്ത് ചന്ദ്ര.യു | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ. പുരുഷു.പി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബബിത | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സ്മിത | വി.ഇ.ഒ. | 01-04-2022 | 24-03-2023 |
| ശ്രീമതി. ജ്യോതി.പി | വി.ഇ.ഒ. | 01-04-2022 | 24-03-2023 |
| ശ്രീ. പ്രദീപ് കുമാർ.എം.കെ | വി.ഇ.ഒ. | 25-03-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വിവിധ അക്കൗണ്ടുകകളിലെ വാർഷികകണക്ക്, പാസ്ബുക്ക്,ബാങ്ക്ബുക്ക് നീക്കിയിരിപ്പുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഫിക്സഡ് ഡെപ്പോസിറ്റ് -മുൻവർഷത്തെ വാർഷിക കണക്ക് നീക്കിയിരിപ്പും ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | എ.സി.ആർ - വാർഷിക കണക്ക് ചെലവ് തുക പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വസ്തു നികുതി കുടിശ്ശിക കണക്കിൽ അപാകത | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | വസ്തുനികുതി നിരക്ക് പരിശോധിച്ച് ഉറപ്പ് വരുത്തിയില്ല | 1-9 |
| 21 | അനധികൃത നിർമ്മാണം-തുടർനടപടികൾ സംബന്ധിച്ച് | 1-10 |
| 22 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അധികനിർമ്മാണം സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിച്ചു | 1-11 |
| 23 | ലൈസൻസ് ഡിമാന്റ് പൂർത്തിയായിട്ടില്ല | 1-12 |
| 24 | ടാക്സ് ഓഡിറ്റ് | 1-13 |

| | | |
|---|---|---|
| 25 | സ്ഥിര നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്ത പലിശ ലഭിക്കുന്നില്ല | 1-14 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തി-ചെലവഴിക്കാത്ത തുക തിരിച്ചടവാക്കിയിട്ടില്ല | 1-15 |
| 27 | ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭിച്ചില്ല | 1-16 |
| 28 | കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരന് തിരികെ നൽകിയില്ല. | 1-17 |
| 29 | പദ്ധതി തുക ചെലവഴിച്ചത് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല. | 1-18 |
| 30 | അണ്ടിക്കോട് സബ് സെന്റർ നവീകരണം - പദ്ധതി സമഗ്രമല്ല. | 1-19 |
| 31 | ആയുർവേദ പാലിയേറ്റീവ് ഹോംകെയർ യൂണിറ്റ് ഫലപ്രദമല്ല | 1-20 |
| 32 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായില്ല | 1-21 |
| 33 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചില്ല | 1-22 |
| 34 | തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം - തുക കൈപ്പറ്റി 4 മാസത്തിനകം സംരംഭം അടച്ചു പൂട്ടി | 1-23 |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം സംബന്ധിച്ച് | 1-24 |
| 36 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ക്ഷയരോഗികൾക്ക് ഭക്ഷണ വിതരണം നടത്തി. | 1-25 |
| 37 | ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത | 1-26 |
| 38 | പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ലഭ്യമല്ല | 1-27 |
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗാർഹിക പഠനത്തിന് മേശയും കസേരയും പ്രോജക്റ്റ് നിർവ്വഹണം - അപാകതകൾ | 1-28 |
| 40 | വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം - അപാകതകൾ | 1-29 |
| 41 | അഗതിരഹിതകേരളം പദ്ധതി - തുകയൊന്നും ചെലവഴിച്ചില്ല | 1-30 |
| 42 | പാലോറ അങ്കണവാടി - പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കിയില്ല | 1-31 |
| 43 | ടേക്ക് - എ ബ്രേക്ക് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-32 |
| 44 | പ്രോജക്റ്റ് പ്രകാരം ചെയ്യാത്ത ചെലവ് കൂടി സുലേഖയിൽ ചെലവായി കാണിച്ചു. | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 11.07.2023 ലെ 3(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 11.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (2509852) ഇതേ പത്രികയിലെ "Net Cash Generated By Operating+Investing+Financial Activity"(A+B+C) ആയി രേഖപ്പെടുത്തിയ തുകയും (7584683) പൊരുത്തപ്പെടുന്നില്ല.

### 1-1-3 വിവിധ അക്കൗണ്ടുകകളിലെ വാർഷികകണക്ക്, പാസ്ബുക്ക്,ബാങ്ക്ബുക്ക് നീക്കിയിരിപ്പുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു

മാർച്ച് 2023 മാസത്തെ റീകൺസിലിയേഷൻ പത്രിക, 2022-23 വാർഷിക ധനകാര്യ പത്രിക എന്നിവയുടെ പരിശോധനയിൽ കാരന്നൂർ കോപ്പറേറ്റീവ് ബാങ്ക്-തനത് ഫണ്ട്, കേരള ഗ്രാമീൺ ബാങ്ക്-തനത് ഫണ്ട്, എസ്.ബി.ഐ-ഇപെയ്മെന്റ് അക്കൗണ്ടുകളിലെ 31.03.2023 ലെ നീക്കിയിരിപ്പ് താഴെപറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| അക്കൗണ്ട് | വാർഷിക ധനകാര്യ പത്രിക RP-40(b), B-17 എന്നിവ പ്രകാരം | ബാങ്ക് അക്കൗണ്ട് പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ് പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം |
|---|---|---|---|
| കാരന്നൂർ കോപ്പറേറ്റീവ് ബാങ്ക്-തനത് ഫണ്ട് | 58,53,100 | 58,93,275 | 58,39,051 |
| കേരള ഗ്രാമീൺ ബാങ്ക്-തനത് ഫണ്ട് -40224101048964 | 1,19,54,748 | 1,10,31,031 | 1,10,38,590 |
| എസ്.ബി.ഐ-ഇപെയ്മെന്റ് 67382714547 | 11,97,300 | 23,55,738 | 12,22,300 |

### 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings(110100101), Property Tax On Non-Residential Buildings(110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തു നികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല .

### 1-1-5 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ

കാരന്നൂർ സർവീസ് കോപ്പറേറ്റീവ് ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ (30190000004) 01.04.2022 മുതൽ 31.03.2023 വരെയുള്ള ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത താഴെപറയുന്ന പിൻവലിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്.

| Date | Instrument No | Amount |
|---|---|---|
| 31.05.2022 | 5449 | 1486 |
| 03.06.2022 | 5410 | 7355 |
| 01.07.2022 | 16413 | 4996 |

| | | |
|---|---|---|
| 23.12.2022 | 5803 | 1950 |
| 27.12.2022 | 5805 | 2550 |
| 10.02.2023 | 5834 | 2430 |

മേൽ പിൻവലിക്കലുകളുടെ ഉദ്ദേശ്യം ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നില്ല.

1-1-6 വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

I) 2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Profession Tax(Institutions), Profession Tax(Traders), Profession Tax(Professionals) എന്നീ ഇനങ്ങളിലെ 2022-23 വർഷത്തെ ആകെ കളക്ഷൻ 6,12,400 രൂപയാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം Profession Tax(Institutions), Profession Tax(Traders), Profession Tax(Professionals) ഇനങ്ങളിലെ ആകെ കളക്ഷൻ 5,90,250 രൂപയാണ്.

Ii) Auction Deposit ഇനത്തിൽ 2022-23 വർഷം ലഭിച്ച തുക വാർഷിക ധനകാര്യ പത്രികയിലെയും ഡെപ്പോസിറ്റ് രജിസ്റ്ററിലെയും താഴെപറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക RP-33 പ്രകാരം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം |
|---|---|---|
| Auction Deposit | 10,750 | 12,000 |

Iii)വസ്തു നികുതി റസിഡൻഷ്യൽ 2022-23 വർഷത്തെ കളക്ഷൻ വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും താഴെപറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക RP-45 പ്രകാരം | സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| വസ്തു നികുതി (റസിഡൻഷ്യൽ) | 24,91,344 | 24,93,773 |

1-1-7 ഫിക്സഡ് ഡെപ്പോസിറ്റ് -മുൻവർഷത്തെ വാർഷിക കണക്ക് നീക്കിയിരിപ്പും ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല

2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-12 ഷെഡ്യൂൾ പ്രകാരം Investments-Co-operative Institutions ഇനത്തിൽ 28,13,685 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ 2022-23 വർഷം സ്ഥിര നിക്ഷേപത്തിലെ മുന്നിരിപ്പായി എടുത്തിരിക്കുന്നത് 28,00,493 രൂപയാണ്.

1-1-8 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

I)2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം Central Finance Commission-Basic Tax Grant(56,44,484), Central Finance Commission-Tied Fund(7,82,687) എന്നിവയുടെ 31.03.2023 ലെ ആകെ നീക്കിയിരിപ്പായ 64,27,171 രൂപയും വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ HDFC ബാങ്ക്

അക്കൗണ്ടിലെ(50100415995774) നീക്കിയിരിപ്പായ 61,61,327 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു. 2022-23 വർഷത്തെ സി.എഫ്.സി.ഗ്രാന്റ് ചെലവ്, നീക്കിയിരിപ്പ് വാർഷിക കണക്കുമായി വ്യത്യാസമുണ്ട്.

Ii) 2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ച്വർ ഇനത്തിൽ ആകെ 11,10,009/-രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ (SubTreasury JointVenture) 69,336/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

### 1-1-9 എ.സി.ആർ - വാർഷിക കണക്ക് ചെലവ് തുക പൊരുത്തപ്പെടുന്നില്ല

I). 2022-23 വാർഷിക ധനകാര്യ പത്രിക ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I-6 ഷെഡ്യൂൾ പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് ഇനത്തിലെ ചെലവ് 26,46,998 രൂപയും ഐ.കെ.എം ചെലവ് പത്രിക പ്രകാരം 25,72,550 രൂപയുമാണ്. 74,448 രൂപ വ്യത്യാസമുണ്ട്. മെയിന്റനൻസ് ഫണ്ടിന്റെ (നോൺ-റോഡ്) 2022-23 എ.സി.ആർ പ്രകാരം പരപ്പാറ സബ് സെന്റർ വൈദ്യുതീകരണം പദ്ധതിക്കായി (അലോട്ട്മെന്റ് നം-38/29.06.22) 74,448 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക സുലേഖ ഐ.കെ.എം ചെലവ് പത്രികയിൽ ഉൾപ്പെടാത്തത് വിശദീകരിക്കേണ്ടതാണ്.

### 1-1-10 വസ്തു നികുതി കുടിശ്ശിക കണക്കിൽ അപാകത

2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Receivables For Property Tax On Non Residential Buildings (Arrear) 1,711/- രൂപയാണ്. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ കുടിശ്ശിക കാണിച്ചിട്ടുള്ളത് 8,085/- രൂപ ആണ്. എന്നാൽ 2022-23 ബാലൻസ് ഷീറ്റ് B-15 പ്രകാരം Receivables For Property Tax On Non Residential Buildings (Arrear) ഇനത്തിൽ 8,085 രൂപയും Receivables For Property Tax On Non Residential Buildings (Current) ഇനത്തിൽ 8,085 രൂപയും തന്നെയാണ് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുള്ളത്. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

### 1-2 ബജറ്റ്

തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 10/22 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 61,07,066 |
| വരവ് | 3,55,41,060 |
| ആകെ | 4,16,48,126 |
| ചെലവ് | 3,67,81,529 |
| നീക്കിയിരിപ്പ് | 48,66,597 |

### 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുൻബാക്കി | 2,96,50,777 |
| വരവ് | 4,35,20,838 |
| ആകെ | 7,31,71,615 |

| | |
|---|---|
| ചെലവ് | 4,10,10,986 |
| നീക്കിയിരിപ്പ് | 3,21,60,629 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,80,50,235 | 1,80,50,235 | 1,62,86,947 | 17,63,287 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 51,21,759 | 51,21,759 | 47,03,741 | 4,18,018 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 46,10,700 | 46,10,700 | 21,72,533 | 24,38,167 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 55,79,000 | 55,79,000 | 26,46,998 | 29,32,002 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(ട്രഷറി മുഖേന) | 0 | 1,14,724 | 1,14,724 | - | 1,14,724 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്( PFMSമുഖേന) | 7,06,724 | 35,14,000 | 42,20,724 | 34,21,113 | 7,99,611 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 21,17,115 | 21,17,115 | 5,84,580 | 15,32,535 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 25,17,776 | 52,70,000 | 77,87,776 | 24,97,713 | 52,90,063 |
| ഐ.സി.ഡി.എസ് | 5,61,837 | 14,77,414 | 20,39,251 | 3,20,927 | 17,18,324 |

| | | | | | |
|---|---|---|---|---|---|
| എം.പി.ഫണ്ട് | 95,272 | 2,572 | 97,844 | - | 97,844 |
| എസ്.എസ്.എ | 1,32,963 | 5,803 | 1,38,766 | - | 1,38,766 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1).ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റൻസ് ഫണ്ട്(നോൺറോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 10,87,81,569 | 2,15,60,184 |
| വികസനഫണ്ട് (എസ്.സി.പി) | 2,18,94,417 | 61,84,121 |
| മെയിന്റൻസ് ഫണ്ട്(നോൺറോഡ്) | 69,33,095 | 54,81,970 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), മെയിന്റൻസ് ഫണ്ട്(നോൺറോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 94326975 | 146 | 51269019 | -- | 11 | 92.99% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 8 | 8 | 1634500 | 1428900 | 87.42% |
| വെറ്ററിനറി സർജൻ | 9 | 8 | 1957000 | 1233000 | 63% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ) (പി.എച്ച്.സി) | 9 | 9 | 1664314 | 1297562 | 77.96% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100% |
| മെഡിക്കൽ ഓഫീസർ (ആയ്യുർവ്വേദം) | 3 | 3 | 600000 | 595040 | 99.17% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 47 | 33 | 34100928 | 20779638 | 60.93% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 16 | 13 | 36050068 | 12145982 | 33.69% |
| ഹെഡ് മാസ്റ്റർ | 7 | 6 | 1376538 | 1348436 | 97.95% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 11 | 6465815 | 4661586 | 72.09% |
| സെക്രട്ടറി | 30 | 23 | 6732093 | 5138041 | 76.32% |
| ഡയറി ഫാം ഇൻസ്ടക്ടർ | 3 | 2 | 1157680 | 1067680 | 92.22% |
| അസി.സെക്രട്ടറി | 8 | 5 | 2021539 | 1112680 | 55.04% |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 5 | 366500 | 260474 | 71.07% |
| | 157 | 146 | 94326975 | 51269019 | 54.35% |

ഡി.പി.സി. അഗീകാരം ലഭിച്ച 157 പ്രൊജക്ടുകളിൽ 146 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 94326975/- രൂപ വകയിരുത്തിയതിൽ 51269019/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 46,933 | 15,40,932 | 15,87,865 | 15,49,858 | 38,007 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 2,09,78,000 | 2,09,78,000 | 2,09,78,000 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 77,31,400 | 713 |
| വിധവാപെൻഷൻ | 1,23,29,000 | 1170 |
| വാർദ്ധക്യകാലപെൻഷൻ | 2,53,52,200 | 2650 |
| വികലാംഗപെൻഷൻ | 38,54,400 | 353 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 20,04,400 | 188 |
| വിവാഹ ധനസഹായം | 30,000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21692/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ നിജസ്ഥിതി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 വസ്തുനികുതി നിരക്ക് പരിശോധിച്ച് ഉറപ്പ് വരുത്തിയില്ല

ഫയൽ നമ്പർ 8370/22

മേൽ ഫയൽ പ്രകാരം നിലവിലുള്ള 4/96 നമ്പർ വാണിജ്യ കെട്ടിടത്തോട് കൂട്ടിച്ചേർത്ത് നിർമ്മിച്ച അധികനിർമ്മാണം ക്രമവൽക്കരിക്കുന്നതിനാണ് ശ്രീ.ചെറിയ അഹമ്മദ് എന്നയാൾ 30.12.22 ന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ 84.13 ച.മീ, കൂട്ടിച്ചേർക്കാനുള്ള ഗ്രൗണ്ട് ഫ്ലോർ 17.82 ച.മീ, ഒന്നാം നില 120.48 ച.മീ എന്നിങ്ങനെ ആകെ 222.43 ച.മീ ആണ് ആകെ വിസ്തീർണ്ണം. മേൽ അപേക്ഷയിൽ പരിശോധന നടത്തി ഓവർസിയർ സമർപ്പിച്ച പരിശോധന റിപ്പോർട്ട് പ്രകാരം ഉള്ള അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ട് 30.4.23 ന് കത്ത് നൽകിയെങ്കിലും അപാകത പരിഹരിച്ച് അറിയിക്കാത്തതിനാൽ 14.7.23 ന് 7 ദിവസത്തിനകം അപാകത പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്നതിനും അല്ലാത്ത പക്ഷം

ഇനിയൊരറിയിപ്പ് കൂടാതെ ഫയലിൽ തുടർനടപടികൾ അവസാനിപ്പിക്കുന്നതാണെന്നും കാണിച്ച് കത്ത് നൽകിയതായി കാണുന്നു.

30.12.22 ന് ക്രമവൽക്കരണത്തിന് ലഭിച്ച അപേക്ഷ അപാകത പരിഹരിച്ച് ക്രമവൽക്കരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല. വാണിജ്യകെട്ടിടത്തിനാണ് അപേക്ഷ സമർപ്പിച്ചതെങ്കിലും 4/96 നമ്പറായി നിലവിലുള്ള മേൽ കെട്ടിടം വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഗണത്തിൽ ഉൾപെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഉപയോഗക്രമം പരിശോധിച്ച് ഉറപ്പ് വരുത്തി ക്രമവത്കരണത്തിന് തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 അനധികൃത നിർമ്മാണം-തുടർനടപടികൾ സംബന്ധിച്ച്

1. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് അനധികൃതനിർമ്മാണം

ഫയൽ നമ്പർ 2085/22

മേൽ ഫയൽ പ്രകാരം 29.4.22 ന് നിലവിലുള്ള പാർപ്പിട കെട്ടിടത്തോട് കൂട്ടി ചേർത്ത് ഒന്നാം നില 109.42 ച.മീ നിർമ്മാണം നടത്തിയത് ക്രമവൽക്കരിക്കുന്നതിന് 29.4.22 ന് ശ്രീമതി. പുഷ്പ(പുഷ്പാവതി) എന്നവർ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. പ്ലാൻ പ്രകാരം നിലവിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ 122.14 ച.മീറ്ററുണ്ട് എന്നാൽ സഞ്ചയ പരിശോധിച്ചതിൽ ശ്രീമതി.പുഷ്പാവതി മുതൽ പേരുടെ 12/152 നമ്പർ കെട്ടിടത്തിന്റെ നിലവിലെ വിസ്തീർണ്ണം 65.35 ച.മീ മാത്രമാണ്. റീസർവ്വേ 108/1 ൽ പെട്ട സ്ഥലം നിലം വിഭാഗത്തിൽ പെട്ടതായും പ്രസ്തുത സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതായും കാണുന്നുണ്ട് എന്നും , പ്രസ്തുത സ്ഥലം തരം മാറ്റിയതായി കാണുന്നില്ല എന്നും നഞ്ച ഗണത്തിൽപെട്ട ഭൂമി ഡാറ്റാ ബാങ്കിൽ പെട്ടതല്ലെങ്കിൽ അനുവദിക്കപ്പെട്ട പരമാവധി നിർമ്മാണം 120 ച.മീ വരെയാണ് എന്നതിനാൽ താങ്കളുടെ അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർവ്വാഹമില്ല എന്നും തരം മാറ്റിയ രേഖകൾ സഹിതം അപേക്ഷ പുനസമർപ്പിക്കേണ്ടതാണെന്നും അറിയിച്ച് 16.5.2022 ന് മേൽ അപേക്ഷ നിരസിച്ച് കത്ത് നൽകിയതായി കാണുന്നു.

ഒന്നാം നില 109.42 ച.മീറ്റർ ഉൾപ്പെടെ ആകെ 231.56 ച.മീ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരണ പ്ലാൻ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ അധിക നിർമ്മാണം ക്രമവൽക്കരിക്കുകയോ വസ്തുനികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട മേൽ അധികനിർമ്മാണം ക്രമവൽക്കരിക്കാത്ത പക്ഷം അനധികൃത നിർമ്മാണമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സഞ്ചയയിൽ ഉൾപ്പെടുത്തിയതിലും, ലഭ്യമാക്കിയ പ്ലാനിലും നിലവിലുള്ള തറവിസ്തീർണ്ണത്തിൽ വ്യത്യാസമുണ്ട്. ആയതിനുള്ള കാരണം വ്യക്തമല്ല.

അനധികൃത നിർമ്മാണമാണത്തിനെതിരേ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. തുടർനടപടികൾ അറിയിക്കേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെട്ട വിസ്തീർണ്ണത്തിലുള്ള വ്യത്യാസവും ക്രമവത്കരിച്ച് അറിയിക്കേണ്ടതാണ്.

2. അനധികൃത നിർമ്മാണം-പൊളിച്ച് മാറ്റിയില്ല.

ഫയൽ നമ്പർ 2172/22

മേൽ ഫയൽ പ്രകാരം ശ്രീ.ഗണേശൻ എന്നവർ നിലവിലുള്ള 11/385 ബി കെട്ടിടത്തോട് ചേർത്ത് ഗ്രൗണ്ട് ഫ്ലോർ 179.40 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. നിലവിലുള്ള 16.08 ച.മീ വിസ്തീർണ്ണത്തോടൊപ്പം 179.40ച.മീ കൂട്ടി ചേർത്ത് ആകെ 195.48 ച.മീ വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിലെ പ്ലാൻ പ്രകാരം Existing Area To Be Demolished ആയി ഒരു നിർമ്മാണം രേഖപ്പെടുത്തിയിട്ടുണ്ട്. സൈറ്റ് പരിശോധിച്ച ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ളതും സമർപ്പിച്ച പ്ലാനിൽ Existing Area To Be Demolished എന്ന് കാണിച്ചിട്ടുള്ളതുമായ ഭാഗം അടിയന്തിരമായി

പൊളിച്ചുമാറ്റി 7 ദിവസത്തിനകം വിവരം രേഖാമൂലം അറിയിക്കേണ്ടതാണെന്ന് കാണിച്ച് 8.6.2022 ന് കത്ത് നൽകിയതായി കാണുന്നു. മേൽ കത്തിന് നൽകിയ മറുപടിയിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുന്നതിന് മുമ്പായി ആയത് പൊളിച്ചു മാറ്റുന്നതാണെന്നും ആയതിന് സാവകാശം അനുവദിച്ച് തരണം എന്നും ഫയലിൽ തുടർനടപടി സ്വീകരിച്ച് നിർമ്മാണാനുമതി നൽകണമെന്നും കാണിച്ച് മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ A3-BA(209657)/2022 തിയ്യതി 24.6.22 നമ്പർ പെർമിറ്റ് അനുവദിച്ചതായി കാണുന്നു.

അനധികൃത നിർമ്മാണം നിലവിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-11 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അധികനിർമ്മാണം സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിച്ചു

ഫയൽ നമ്പർ 2604/23

മേൽ ഫയൽ പ്രകാരം നിലവിലുള്ള 3/434 A നമ്പർ പാർപ്പിട കെട്ടിടത്തോട് കൂട്ടിച്ചേർത്ത് അധികം നിർമ്മിക്കുന്നതിനാണ് ശ്രീമതി.സുഭാഷിണി എന്നവർ 27.3.23 ന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപേക്ഷയോടൊപ്പം സമർപ്പിച്ച അഡീഷൻ പ്ലാൻ പ്രകാരം നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ 102.54 ച.മീ, നിലവിലുള്ള ഒന്നാം നില 10.98 ച.മീ കൂട്ടിച്ചേർക്കാനുള്ള ഒന്നാം നില 80.69 ച.മീ എന്നിങ്ങനെ 194.21 ച.മീ ആണ് ആകെ വിസ്തീർണ്ണം. സഞ്ചയ പരിശോധിച്ചതിൽ നിലവിലുള്ള നിർമ്മാണം 46.43 ച.മീ മാത്രമാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മിച്ച 67.09 ച.മീ അധികനിർമ്മാണം ക്രമവൽക്കരണഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകുകയും പുതിയ നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ നിലവിൽ പൂർത്തീകരിച്ച നിർമ്മാണം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. തുടർനടപടികളും, നികുതി പുനർനിർണ്ണയിക്കാത്തതിന് കാരണവും അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയം നടത്തി 2022 രണ്ടാം പകുതി മുതൽ നികുതി പ്രാബല്ല്യത്തിൽ വരുത്തിയിട്ടുണ്ട്. സഞ്ചയ പ്രകാരം തറവിസ്തീർണ്ണം (നിലവിൽ) 46.43 ച.മീ വസ്തു നികുതി 133/- രൂപയും ആണ്. നികുതി പുനർനിർണ്ണയം നടത്തിയപ്പോൾ തറവിസ്തീർണ്ണം 113.52 ചതുരശ്ര മീറ്ററും വസ്തുനികുതി 387/-രൂപയും ആയി മാറിയിട്ടുണ്ട്. നികുതി കുടിശ്ശികയടക്കം ഈടാക്കി അറിയിക്കേണ്ടതാണ്.

ഫയൽ നമ്പർ 8221/22

മേൽ ഫയൽ പ്രകാരം നിലവിലുള്ള 1/397 നമ്പർ പാർപ്പിട കെട്ടിടത്തോട് കൂട്ടിച്ചേർത്ത് നിർമ്മിക്കുന്നതിനാണ് 27.12.22 ന് ശ്രീ.മുഹമ്മദ് കോയ എന്നവർ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ 159.75 ച.മീ, നിലവിലുള്ള ഒന്നാം നില 14.60 ച.മീ കൂട്ടിച്ചേർക്കാനുള്ള ഒന്നാം നില 70.09 ച.മീ എന്നിങ്ങനെ ആകെ 244.44 ച.മീ ആണ് ആകെ വിസ്തീർണ്ണം. സഞ്ചയ പരിശോധിച്ചതിൽ നിലവിലുള്ള നിർമ്മാണം 146.25 ച.മീ മാത്രമാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മിച്ച 28.1 ച.മീ അധികനിർമ്മാണം ക്രമവൽക്കരണഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകുകയും പുതിയ നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ നിലവിൽ പൂർത്തീകരിച്ച നിർമ്മാണം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

തുടർനടപടികളും, നികുതി പുനർനിർണ്ണയിക്കാത്തതിന് കാരണവും അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയം നടത്തി 2022 രണ്ടാം പകുതി മുതൽ നികുതി പ്രാബല്ല്യത്തിൽ വരുത്തിയിട്ടുണ്ട്. സഞ്ചയ പ്രകാരം തറവിസ്തീർണ്ണം

(നിലവിൽ) 146.25 ച.മീ വസ്തു നികുതി 770/- രൂപയും ആണ്. നികുതി പുനർനിർണ്ണയം നടത്തിയപ്പോൾ തറവിസ്തീർണ്ണം 174.35 ചതുരശ്ര മീറ്ററും വസ്തുനികുതി 865/-രൂപയും ആയി മാറിയിട്ടുണ്ട്. നികുതി കുടിശ്ശികയടക്കം ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 ലൈസൻസ് ഡിമാന്റ് പൂർത്തിയായിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക് ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളുടെയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ ആകെയുള്ള 17 വാർഡുകളിൽ നിരവധി പേർ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇവ എല്ലാം ലൈസൻസ് എടുത്ത് മാത്രം പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-8 ൽ ലൈസൻസ് എടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി പരാമർശിച്ചിട്ടുണ്ടെങ്കിലും ഡിമാന്റ് പൂർത്തിയാക്കിയതായി കാണുന്നില്ല. ലൈസൻസ് ഡിമാന്റ് പൂർത്തിയാക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റിൽ പരാമർശിച്ച ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതുമാണ്.

1-13 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിന്റ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ കൊടുക്കുന്നു.

ഇ പേയ്മെന്റ്

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാണ്. ഗ്രാമപഞ്ചായത്തിലെ

കെട്ടിട്ടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈനായി സ്വീകരിച്ച വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 67382714547 നമ്പർ ഇ-പെയ്മന്റ് അക്കൗണ്ടിലേക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക വന്ന ചേരുന്നത്. തുക ഓൺലൈനായി അടവാക്കുമ്പോൾ തന്നെ സഞ്ചയയിൽ അതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുന്നുണ്ട്.

പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. 1.4.2023 ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്ക് 29.7.2023 തിയ്യതിയിലെ തീരുമാനം നമ്പർ 7(1) പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. മേഖലകൾ, റോഡ് എന്നിവ സംബന്ധിച്ച പുതിയ രേഖപ്പെടുത്തൽ നടത്തി വരുന്നുണ്ട്.

ഫീൽഡ്തല പരിശോധനകൾ

സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തിയ്യതി 20.6.22 പ്രകാരമുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തുന്നതിന് പത്രപരസ്യം നൽകിയെങ്കിലും ആയതിന് ആവശ്യമായ താല്ക്കാലിക ജീവനക്കാരെ ലഭ്യമായിട്ടില്ല. ആയതിനാൽ വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

1-14 സ്ഥിര നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്ത പലിശ ലഭിക്കുന്നില്ല

തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, നിക്ഷേപ രസീതുകൾ എന്നിവ പ്രകാരം പരിശോധിച്ചപ്പോൾ കെ.ഡി.സി ബാങ്ക് വെസ്റ്റ് ഹിൽ ശാഖയിലെ 2 ഫിക്സഡ് ഡെപ്പോസിറ്റുകൾക്കും വാഗ്ദാനം ചെയ്ത പലിശ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. മാത്രമല്ല 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-12 ഷെഡ്യൂൾ പ്രകാരം Investments-Co-operative Institutions ഇനത്തിൽ 28,13,685 (FD1-1903211 + FD2-910474) രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ 2022-23 വർഷം സ്ഥിര നിക്ഷേപത്തിലെ മുന്നിരിപ്പായി എടുത്തിരിക്കുന്നത് 28,00,493 (FD1-1895375+FD2-905118) രൂപയാണ്. ഇത് കാരണം 2022-23 വർഷത്തിൽ നിക്ഷേപിച്ച തുകയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 28,00,493 (FD1-1895375+FD2-905118) രൂപ 6.25 പലിശ നിരക്കിൽ നിക്ഷേപം നടത്തിയപ്പോൾ സംഭവിച്ച പലിശ നഷ്ടത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | നിക്ഷേപ രശീത്/ സർട്ടിഫിക്കറ്റ് നമ്പർ | നിക്ഷേപം നടത്തിയ തീയതി | നിക്ഷേപ കാലാവധി അവസാനിക്കുന്ന തീയതി | നിക്ഷേപിച്ച തുക | പലിശ നിരക്ക് | തിരികെ ലഭിച്ച പലിശ | വാഗ്ദാനം ചെയ്ത നിരക്കിൽ തിരികെ ലഭിക്കേണ്ട പലിശ | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|
| 1 | കെ.ഡി.സി ബാങ്ക്, വെസ്റ്റ് | 100311807520293 | 18.04.22 | 18.04.23 | 18,95,375 | 6.25 | 1,07,156 | 1,18,461 | 11,305 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | ഹിൽ | 100311807520240 | 15.04.22 | 18.04.23 | 9,05,118 | 6.25 | 51,126 | 56,569 | 5,443 |
| | | | | | 28,00,493 | | 1,58,282 | 1,75,030 | 16,748 |

സ്ഥിരനിക്ഷേപങ്ങളുടെ പലിശയിനത്തിൽ 16,748രൂപയുടെ കുറവ് 2022-23 വർഷത്തിൽ സംഭവിച്ചിട്ടുണ്ട്. 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ ( ഖണ്ഡിക 1-24) സ്ഥിര നിക്ഷേപങ്ങളുടെ പലിശ ഇനത്തിൽ 19,545 രൂപ കുറവ് വന്നത് പരാമർശിച്ചിട്ടുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ നിക്ഷേപിച്ച തീയതി, നിക്ഷേപ കാലയളവ്, തുക, കാലയളവ് പൂർത്തിയാകുന്ന തീയതി, പലിശ നിരക്ക്, ലഭിച്ച പലിശ, പുതുക്കിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-21/2022-23, തീ-22.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥിരനിക്ഷേപത്തിന്റെ കൃത്യത പരിശോധിച്ചുറപ്പാക്കേണ്ടതും വാഗ്ദാനം ചെയ്തിരുന്ന പലിശയുടെ കാര്യത്തിൽ വ്യക്തത വരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 ഡെപ്പോസിറ്റ് പ്രവൃത്തി-ചെലവഴിക്കാത്ത തുക തിരിച്ചടവാക്കിയിട്ടില്ല

2017-18 ലെ പ്രോജക്റ്റ് നമ്പർ 77/18 പ്രകാരം വിവിധ അംഗനവാടികളിലേക്ക് കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തിക്ക് 3,00,000/- രൂപ 29.1.2018 ന് കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ആയി നൽകിയിരുന്നു. 29.4.23 ന് ലഭ്യമായ പ്രസ്തുത പ്രവൃത്തിയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ആകെ 2,12,878 രൂപ ചെലവഴിച്ചിട്ടുണ്ട്. വരവ് തുക ബാങ്കിൽ അടവാക്കിയത് പരിശോധിച്ചതിൽ Unutilised And Excessively Drawn Grants /Funds-receipts Head ൽ 26.7.23 ന് രസീതി നമ്പർ 1230401564പ്രകാരം ബാക്കി വന്ന 87,122/-രൂപ കേരള ഗ്രാമീൺ ബാങ്ക്(40224101048964) അക്കൗണ്ടിൽ 31.7.23 ന് ക്രെഡിറ്റ് ആയിട്ടുണ്ട്. തുക ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭിച്ചില്ല

അസി.എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റാവുന്നുണ്ട് . വാർഷിക കണക്കുകൾ, ഇ-ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ–ടെണ്ടർ നടപടികളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. ഈ തുക ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും, നാളിതു വരെ ഈയിനത്തിൽ എത്ര തുക പഞ്ചായത്തിന് ലഭിക്കാനുണ്ടെന്ന വർഷം തിരിച്ച വിവരവും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (3/2022 – 23/18.08.2023)ക്ക് അസി.എഞ്ചിനീയർ 21.08.2023 ന് ലഭ്യമാക്കിയ മറുപടിയിൽ അസി.എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐയുടെ അത്തോളി ബ്രാഞ്ചിലുള്ള 37128119453 നമ്പർ അക്കൗണ്ടിലാണ് ഇ – ടെണ്ടർ തുക ക്രഡിറ്റ് ആവുന്നതെന്നും നിലവിൽ ഈ അക്കൗണ്ടിൽ നിന്ന് തുക ട്രാൻസ്ഫർ ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ട് ഉള്ളതിനാലാണ് ട്രാൻസ്ഫർ ചെയ്യാൻ കഴിയാത്തതെന്നും, ഗ്രാമപഞ്ചായത്തിൽ അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അക്കൗണ്ടുമായി ബന്ധപ്പെട്ട സാങ്കേതിക തകരാർ എത്രയും പെട്ടെന്ന് പരിഹരിച്ച് ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള 08/08/2023 വരെ നിക്കിയിരിപ്പുള്ള 2,23,251/- രൂപ

സമയബന്ധിതമായി ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരന് തിരികെ നൽകിയില്ല.

കേരള ഫിനാഷ്യൽ കോഡ് ആർട്ടിക്കിൾ 140 I (E) പ്രകാരം പ്രവർത്തി പൂർത്തീകരിച്ച് തുക കൈമാറിയതിനു ശേഷമോ, അല്ലെങ്കിൽ കരാർ കാലാവധിക്ക് ശേഷം 3 മാസമോ കഴിഞ്ഞ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയ തുക കരാറുകാരന് തിരികെ നൽകേണ്ടതാണ് എന്നാൽ ഇത്തരത്തിൽ കൈമാറാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ കൈയിൽ F.D രസീതുകൾ സൂക്ഷിച്ചിരിക്കുന്നതായി EMD/ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു. പ്രവർത്തിയുടെ കാലാവധി കഴിഞ്ഞിട്ടും അസിസ്റ്റന്റ് എഞ്ചിനീയറുടെ കൈവശം സൂക്ഷിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കരാറുകാരന്റെ പേര് - പെരുവകുട്ടി പാലംതലക്കൽ , തലക്കുളത്തൂർ

| ക്രമ നം | പ്രവൃത്തിയുടെ പേര് | സാമ്പത്തിക വർഷം | തുക | F.D നിക്ഷേപിച്ച ബാങ്ക് |
|---|---|---|---|---|
| 1 | പുന്നശ്ശേരിമുക്ക് പിലാശ്ശേരി താഴം റോഡ് | 2019-20 | 15,000 | KGB |
| | | | 10,000 | Karannur Bank Co-operative Bank തലക്കുളത്തൂർ |
| | | | 17500 | TSB |
| 2 | അന്നശ്ശേരി മതിലകം ക്ഷേത്രം റോഡ് | 2019-20 | 10000 | Karannur Bank TKR |
| 3 | കൊഞ്ഞനണംകുഴി താഴം റോഡ് | 2018-19 | 7,500 | TSB |
| | | | 7,500 | KGB |
| 4 | ഗുരുദേവവിലാസം കളത്തിൽ താഴം റോഡ് | 2018-19 | 12,500 | Karannur Bank TKR |
| 5 | വിജയലക്ഷ്മി പെരവനാരി റോഡ് | 2018-19 | 10,000 | TSB |
| 6 | തെരുഗണപതി ക്ഷേത്രം പാവയിൽ റോഡ് | 2018-19 | 10,000 | TSB |
| | | | 7,500 | KGB |

| | | | | |
|---|---|---|---|---|
| 7 | CMM കഞ്ഞോളിതാഴം റോഡ് | 2018-19 | 12,500 | KGB |
| | | | 12,500 | TSB |
| 8 | കണക്കഞ്ചേരി അരയനാരിതാഴം റോഡ് | 2018-19 | 24,750 | TSB |
| 9 | പടിയത്ത് ചെറുവിലത്ത് മീത്തൽ | 2018-19 | 5,000 | Karannur Bank TKR |
| 10 | വിജയലക്ഷ്മി പെരുവനാരി കോളനിറോഡ് | 2018-19 | 10,000 | Karannur Bank TKR |
| 11 | ശ്രീകുമാരാശ്രമം ആട്ടാറാമ്പത്ത് റോഡ് | 2018-19 | 12,500 | Karannur Bank TKR |
| 12 | ഗുരുദേവവിലാസം റോഡ് | 2018-19 | 30,000 | Karannur Bank TKR |
| 13 | പുറക്കാട്ടിരി ബസാർ ചത്തങ്ങാട്ട് താഴം റോഡ് | 2018-19 | 20,000 | Karannur Bank TKR |
| 14 | പടിയത്ത് ചെറുവിലക്കണ്ടി റോഡ് | 2018-19 | 25,000 | Karannur Bank TKR |
| 15 | അന്നശ്ശേരി അങ്കണവാടി | 2018-19 | 2,500 | Karannur Bank TKR |
| ആകെ | | | 2,92,250 | |

പ്രവൃത്തിയുടെ കാലാവധി കഴിഞ്ഞിട്ടും അസിസ്റ്റന്റ് എഞ്ചിനീയറുടെ കൈവശം സൂക്ഷിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (4/2022 – 23/18.08.2023) ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ 21.08.23ന് ലഭ്യമാക്കിയ മറുപടി പ്രകാരം ശ്രീ പെരുവകുട്ടി പാലംതലക്കൽ, തലക്കുളത്തൂർ എന്ന വ്യക്തി പ്രവർത്തികൾ നിശ്ചയസമയത്ത് തന്നെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ടിയാൻ അസുഖത്തെ തുടർന്ന് മരണപ്പെടുകയാണ് ഉണ്ടായിട്ടുള്ളതെന്നും, കൂടാതെ പ്രസ്തുത പ്രവർത്തികളുടെ സെക്യൂരിറ്റി കാലയളവ് (3 വർഷം) കഴിഞ്ഞ ഉടനെ ടിയാന്റെ മകനുമായി ഫോണിൽ ബന്ധപ്പെട്ട് F.D രസീതുകൾ കൈപ്പറ്റുന്നതിന് അറിയിച്ചിരുന്നുവെന്നും എന്നാൽ നാളിതുവരെ ഓഫീസുമായി ബന്ധപ്പെട്ടിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

മേൽ കാര്യം രേഖാമൂലം അറിയിക്കുന്നതാണെന്നും , നടപടികൾ ഇല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് തുടർനടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-18 പദ്ധതി തുക ചെലവഴിച്ചത് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല.

എ.സി.ആർ പ്രകാരവും, അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പ്രകാരവും പറപ്പാറ സബ്ബ്സെന്റർ വൈദ്യുതീകരണം (53/23) എന്ന പദ്ധതിയുടെ ഭാഗമായി മനോഹരൻ എന്ന കോൺട്രാക്ടർക്ക് 74,448/- രൂപ (ബില്ല് സാങ്ഷൻ നമ്പർ - 35 /30/06/2022) നൽകിയതായി കാണുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഓഡിറ്റിന്റെ ഭാഗമായി ലഭ്യമാക്കിയ സുലേഖ പദ്ധതി ചെലവ് രേഖ പ്രകാരം 2022 -23 സാമ്പത്തിക വർഷം ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 19/04/2022 ലെ സ.ഉ (കൈ) നം 84/2022 നമ്പർ ഉത്തരവ് ഖണ്ഡിക 11 (5) പ്രകാരം അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് സ്പിൽ ഓവറായി അടുത്ത വർഷം തുടരുമ്പോൾ അതിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി അനിവാര്യമാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണസമിതി അംഗീകരിച്ച ശേഷം ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കേണ്ടതും, ഭേദഗതിയില്ലാതെ നിർവ്വഹണം തുടരുന്ന എല്ലാ സ്പിൽ ഓവർ പദ്ധതികളും ഖണ്ഡിക 11 (4) പ്രകാരം നിശ്ചിത ഫോറത്തിൽ സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കി നടപ്പിലാക്കേണ്ടതാണ്.

മേൽ പ്രതിപാദിച്ച പദ്ധതി ചെലവ് വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ ചെലവഴിച്ചതിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 21.08.2023 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ലിസ്റ്റിലും, പദ്ധതി ചെലവിലും ഉൾപ്പെട്ടിട്ടുണ്ടെന്നും, സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാതെ പോയതിന് കാരണം വ്യക്തമല്ലെന്നും, ഐ.കെ.എമ്മുമായി ബന്ധപ്പെട്ടപ്പോൾ പരാതി രജിസ്റ്റർ ചെയ്യാനാണ് പറഞ്ഞിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിക്കേണ്ടതും, ആവർത്തിക്കാതിരിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-19 അണ്ടിക്കോട് സബ് സെന്റർ നവീകരണം - പദ്ധതി സമഗ്രമല്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അണ്ടിക്കോട് സബ്ബ്സെന്ററിലെ ഒന്നാംനിലയിൽ താമസസൗകര്യം ഒരുക്കുന്നതിന് നിലവിലുള്ള Half Wall, Sheet Roof എന്നിവ പൊളിച്ചുമാറ്റി ഒന്നാം നില കോൺക്രീറ്റ് മേൽക്കൂര നിർമ്മിച്ച് താമസയോഗ്യമാക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രൊജക്ട് പ്രകാരം നിലവിലുള്ള അരഭിത്തിക്ക് മുകളിൽ ചെങ്കല്ല് ഉപയോഗിച്ച് ചുമർ നിർമ്മിക്കുകയും ഷീറ്റ് കൊണ്ടുള്ള മേൽക്കൂര പൊളിച്ച് മാറ്റി കോൺക്രീറ്റ് മേൽക്കൂര നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയിലെ ഡ്രോയിംഗ് പ്രകാരം 2 ബെഡ് റൂം, ഡൈനിംഗ് റൂം, കിച്ചൻ, സ്റ്റോർ റൂം, സിറ്റൗട്ട്, ടോയിലറ്റ് എന്നിവയാണ് ഉള്ളത്. എന്നാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ മുഴുവൻ ഐറ്റവും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല. കൂടാതെ പ്രസ്തുത സ്ഥാപനത്തിൽ താമസ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയതിനുള്ള കാരണവും വ്യക്തമല്ല. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അണ്ടിക്കോട് സബ്ബ് സെന്റർ നവീകരണം |
| പ്രോജക്ട് നമ്പർ | S0178/22 |
| എസ്റ്റിമേറ്റ് നമ്പർ | 2022/10866 |
| അടങ്കൽ | 5,00,000/- |

| | |
|---|---|
| ചെലവ് | 4,99,900 |
| ബിൽ സാങ്ഷൻ നമ്പർ /തീയതി | 107/02/11/2022 |
| എഗ്രിമെന്റ് നമ്പർ | AE LSGD/TKR/32/2021 -22/11 /03/2022 |
| കരാറുകാരന്റെ പേര് | റിതു എം.വി |
| എം .ബുക്ക് നമ്പർ | 28/2019 -20 |

19.08.2023 ന് LID &EW സെക്ഷൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതായും, സബ്ബ്സെന്റർ പൂട്ടിയിട്ടിരിക്കുന്നതായും കണ്ടു. മുകൾ നിലയിലേക്ക് കയറുന്നതിനായി കെട്ടിടത്തിന് പുറത്ത് കൂടി നിർമ്മിച്ചിട്ടുള്ള സ്റ്റെയർകേസിന് മുകളിലുണ്ടായിരുന്ന ഷീറ്റ് മേൽക്കൂര പ്രവൃത്തിയുടെ ഭാഗമായി എടുത്ത് മാറ്റിയതിനാൽ സ്റ്റെയർ മഴയും വെയിലുമേറ്റ് തുരുമ്പ് പിടിച്ച് ദ്രവിച്ച് തുടങ്ങിയതായും കാണുന്നുണ്ട് .

<u>അപാകതകൾ</u>

1. എസ്റ്റിമേറ്റ് പ്രകാരം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ മുഴവൻ ഐറ്റവും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയതായി കാണുന്നില്ല. ആയതിനാൽ തന്നെ പദ്ധതി പൂർണ്ണമല്ല.

2.പ്രസ്തുത സ്ഥാപനത്തിൽ താമസ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയ

തിനുള്ള കാരണം വ്യക്തമല്ല.

3. നിലവിലുള്ള സ്റ്റെയർകേസിന് മുകളിലുണ്ടായിരുന്ന ഷീറ്റ് മേൽക്കൂര പ്രവൃത്തിയുടെ ഭാഗമായി എടുത്തു മാറ്റിയിട്ടുണ്ട്. അതിനാൽ സ്റ്റെയറും മേൽക്കൂരയുടെ ട്രസ്സ് വർക്കും മഴയും വെയിലുമേറ്റ് തുരുമ്പ് പിടിച്ച് ദ്രവിച്ച് തുടങ്ങിയിട്ടുണ്ട്. മുകൾ നിലയിലേക്ക് കയറുന്നതിന് കെട്ടിടത്തിനകത്ത് കൂടി സ്റ്റെയർ നിർമ്മിച്ചിട്ടില്ല. നിലവിലുള്ള സ്റ്റെയറും ട്രസ്സ് വർക്കും തുരുമ്പെടുത്ത് നശിച്ച കൊണ്ടിരിക്കുന്നതിനാൽ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച് താമസയോഗ്യമാക്കുമ്പോൾ പുതിയ സ്റ്റെയർ നിർമ്മിക്കേണ്ട അവസ്ഥയുണ്ടാകും. ഇത് ഭാവിയിൽ അധിക ചെലവ് ഉണ്ടാവാനുള്ള സാഹചര്യമൊരുക്കും.

4. നിലവിൽ സ്ട്രക്ച്ചർ വർക്കു മാത്രം പൂർത്തീകരിച്ച കെട്ടിടം താമസയോഗ്യമാക്കുന്നതിനുള്ള തുടർപദ്ധതി 2023 – 24 സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ എല്ലാ സബ്ബ്സെന്ററിലും ആരോഗ്യപ്രവർത്തകർക്ക് താമസിക്കാൻ സൗകര്യം ഉൾപ്പെടുത്തണമെന്ന മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി ചെയ്തതെന്നും, 2023 - 24 വർഷം 37 -ാം നമ്പർ പദ്ധതിയായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതും നിലവിലുള്ള സ്റ്റെയറും ട്രസ്സ് വർക്കും തുരുമ്പെടുത്ത് നശിച്ച കൊണ്ടിരിക്കുന്നതിനാൽ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച് താമസയോഗ്യമാക്കുമ്പോൾ പുതിയ സ്റ്റെയർ നിർമ്മിക്കുന്നത്. മൂലമുള്ള അധിക ചെലവ് ഉണ്ടാവാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. പദ്ധതികൾ സമഗ്രമായി വിഭാവനം ചെയ്യാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 4,99,900/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

<u>1-20 ആയുർവേദ പാലിയേറ്റീവ് ഹോംകെയർ യൂണിറ്റ് ഫലപ്രദമല്ല</u>

പ്രോജക്റ്റ് നം/പേര് :-11/23 ആയുർവേദ പാലിയേറ്റീവ് ഹോംകെയർ യൂണിറ്റ് - അരികെ

അടങ്കൽ :-60000/- തനത് ഫണ്ട്

ചെലവ് :- 60000/-(ബിൽ സാങ്ഷൻ നം.131/ 17-12-22 )

പ്രോജക്ട് പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ സാന്ത്വന പരിചരണം ആവശ്യമുള്ള കിടപ്പു രോഗികൾക്ക് ആയുർവേദ പാലിയേറ്റീവ് ഹോംകെയർ സൗകര്യം എർപ്പെടുത്തുകയാണ് ലക്ഷ്യം. സ.ഉ.(കൈ) നം 84/2022 19/4/2022 തീയ്യതി പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.7.1(8) പ്രകാരം വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും സംബന്ധിച്ച പ്രവർത്തനങ്ങളിൽ ആയുർവേദത്തിന്റെ സാധ്യത കൂടി പ്രയോജനപ്പെടുത്താവുന്നതും ആയുർവേദ സാന്ത്വന പരിചരണ പദ്ധതിയായ "അരികെ" പദ്ധതിയുമായി സംയോജിപ്പിച്ച് ഇവ നടപ്പിലാക്കാവുന്നതുമാണ്.

28-11-22ലെ DISM/2075/2022-B1 ഉത്തരവ് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് "അരികെ" പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രാഥമിക പരിചരണ യൂണിറ്റ് മുഖേന ഗൃഹകേന്ദ്രീകൃത പരിചരണം ആവശ്യമുള്ളവർക്ക് മാസത്തിലൊരു തവണയെങ്കിലും ഹോംകെയർ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ഹോംകെയറിൽ ഡോക്ടർ, നഴ്സ്, ആവശ്യമായ മരുന്നുകൾ, മറ്റ് സാമഗ്രികൾ, ഹോംകെയറിനാവശ്യമായ വണ്ടി എന്നിവ ഉറപ്പാക്കേണ്ടതാണ്. ഇതിനായി ഡിപ്പാർട്ട്മെന്റ് ഫണ്ട്, എച്ച്.എം.സി.ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിനായി മാറ്റി വച്ചിരിക്കുന്ന ഫണ്ട്, എൻ.എച്ച്.എം ഫണ്ട്, നാഷണൽ ആയുഷ് മിഷൻ ഫണ്ട്, സംഭാവനകൾ എന്നിവ ഉപയോഗിക്കേണ്ടതാണ് എന്നും സർക്കുലർ നിർദ്ദേശിക്കുന്നുണ്ട്.

പദ്ധതി നടത്തിപ്പിനായി പ്രോജക്ട് പ്രകാരം ഔഷധിയിൽ നിന്ന് തൻവർഷം 60000 രൂപയ്ക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. ഏപ്രിൽ 2023 മുതൽ പദ്ധതി ആരംഭിച്ചു. മേൽ മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് തലത്തിൽ "അരികെ" പദ്ധതി ആരംഭിക്കുന്നതിന് മുൻപ് നാഷണൽ ആയുഷ് മിഷൻ ഫണ്ടുപയോഗിച്ച് വാഹന സൗകര്യം, ഒരു അറ്റന്ററുടെ വേതനം, മരുന്ന് എന്നിവ പാലിയേറ്റീവ് കെയറിനായി ലഭ്യമായിരുന്നു. നിലവിൽ ആയുഷ് മിഷൻ ഫണ്ട് ലഭ്യമല്ല. പാലിയേറ്റീവ് നോമിനൽ റോൾ പ്രകാരം ഏകദേശം മുന്നൂറിനടുത്ത് പരിചരണം ആവശ്യമുള്ള രോഗികളുള്ളതിൽ 160 പേർ കിടപ്പു രോഗികളാണ്. അവർ നിരന്തരം പാലിയേറ്റീവ് പരിചരണത്തിനായി ആവശ്യപ്പെടുന്നുണ്ടെങ്കിലും വാഹനവും ആവശ്യത്തിന് മരുന്നും ഇല്ലാത്തതിനാൽ രോഗികളെ സന്ദർശിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്ന് ഡോക്ടർ വിശദമാക്കിയിട്ടുണ്ട്. നിലവിൽ ഏപ്രിൽ മുതൽ ഹോംകെയർ സന്ദർശനം നടത്തിയ ഇനത്തിൽ നൽകാനുള്ള വാഹന വാടക കുടിശ്ശികയാണ്. ആയതിനാൽ തന്നെ ഹോംകെയർ ഇപ്പോൾ പരിമിതമായി മാത്രമേ നടത്താൻ സാധിക്കുന്നുള്ളൂ എന്ന് ഡോക്ടർ അറിയിച്ചു. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന വിധം ഒരു രോഗിയെ മാസത്തിലൊരിക്കൽ പോലും സന്ദർശിക്കാൻ പറ്റാത്ത അവസ്ഥയാണ് നിലവിലുള്ളത്. രോഗികൾ ഡോക്ടറോട് ആവശ്യപ്പെടുമ്പോൾ അത്യാവശ്യ മരുന്നുകളുമായി ഡിസ്പെൻസറിയിലെ അറ്റന്റർ സ്വന്തം നിലയിൽ മരുന്ന് വീട്ടിലെത്തിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്.

വിഷയം മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി എൻക്വയറി (11/21-8-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോംകെയർ യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ വാഹനവും മരുന്നും മറ്റ് സൗകര്യങ്ങളും മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന വിധം ഉറപ്പാക്കി ആയുർവേദ പാലിയേറ്റീവ് പരിചരണം ആവശ്യമുള്ളവർക്ക് ആയത് ലഭ്യമാക്കാൻ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-21 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായില്ല

പ്രോജക്ട് നം.31/23 ഹോമിയോ മരുന്ന് വാങ്ങൽ

അടങ്കൽ :-200000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 200000/-(ബിൽ നം.131/ 17-12-22 )

ഹോമിയോ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി മേൽ കാണിച്ച പ്രകാരം 200000 രൂപ ഹോമിയോ മെഡിക്കൽ ഓഫീസർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. HCO/SA/692/2023 നമ്പരായി 05-5-23ൽ ഹോംകോയുമായി മെഡിക്കൽ ഓഫീസർ കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം പണം കൈപ്പറ്റി 9 മാസത്തിനുള്ളിൽ ഓർഡർ ചെയ്ത മരുന്നുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം ഇതുമൂലമുണ്ടാകുന്ന നഷ്ടത്തിന് ഹോംകോ ഉത്തരവാദിയായിരിക്കുമെന്നും എഗ്രിമെന്റിൽ സൂചിപ്പിച്ചിട്ടുണ്ട്. LF-659/25-7-23 ടാക്സ് ഇൻവോയ്സ് പ്രകാരം 102601 രൂപയുടെ മരുന്ന് ഹോംകോയിൽ നിന്നും ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 97399 രൂപയുടെ മരുന്ന് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന സമയ പരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(6/18-8-23) മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 97,399/- തടസ്സത്തിൽ വയ്ക്കുന്നു.

1-22 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം, പേര്, | 104/23, പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം |
| അടങ്കൽ, ഫണ്ടിനം | 3,50,000, വികസനഫണ്ട്(എസ് സി പി) |
| ചെലവ്, ബിൽ നം | 75,000/-, BRN- 22160352019800627464 തീയതി 11.10.22<br>75,000/-, BRN- 22160352019800923641 തീയതി 7.12.22<br>75,000/-, BRN- 22160352019801274816 തീയതി 1.3.23 |

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 75,000രൂപ അനുവദിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. മേൽ പ്രൊജക്ട് പ്രകാരം 3 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. സ.ഉ(കൈ) നം.115/22/LSGD തീയതി 28.5.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.1 പ്രകാരം വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകളിൽ ജില്ലാ കലക്ടറുടെ അനുമതി ലഭിച്ചതിന് ശേഷം മാത്രമേ ധനസഹായം അനുവദിക്കാൻ പാടുള്ളൂ. എന്നാൽ കല്യാണി, പറമ്പടി ലക്ഷം വീട് എന്ന ഗുണഭോക്താവിന്റെ മകളുടെ വിവാഹം 27.3.2022ന് നടന്നിട്ടുണ്ടെങ്കിലും ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചത് 7.12.2022നാണ്.

വിവാഹം കഴിഞ്ഞ് 6 മാസം കഴിഞ്ഞതിനാൽ ജില്ലാ കലക്ടറുടെ അനുമതിയുടെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകേണ്ടതെങ്കിലും അപ്രകാരം അനുമതി വാങ്ങിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 18/2022-23 തീയതി 22.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 75000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-23 തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം - തുക കൈപ്പറ്റി 4 മാസത്തിനകം സംരംഭം അടച്ചു പൂട്ടി

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം, പേര്, | 173/23, തൊഴിൽ സംരംഭം(എസ് സി) |
| അടങ്കൽ, ഫണ്ടിനം | 90,000, വികസനഫണ്ട്(എസ് സി പി) |
| ചെലവ്, ബിൽ നം | 35,465/-, BRN- 2216035201980151481З<br>തീയതി 28.3.23 |

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള എസ് സി വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ചെലവ് തുകയുടെ 75% സബ്സിഡി അനുവദിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. മേൽ പ്രൊജക്ട് പ്രകാരം വനിതാ ഹോട്ടൽ, എടക്കര സൈഫൺ എന്ന സംരംഭത്തിന് 35,465 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. സ.ഉ(കൈ) നം.115/22/LSGD തീയതി 28.5.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5(എ)(3) പ്രകാരം സംരംഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത്. ഓഡിറ്റിന്റെ ഭാഗമായി 19.8.23ന് ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചതിൽ ഹോട്ടൽ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് കണ്ടു. 2 അംഗങ്ങളുള്ള ഗ്രൂപ്പിലെ ഒരംഗവുമായി ഫോണിൽ സംസാരിച്ചതിൽ ഹോട്ടൽ ലാഭകരമല്ലാത്തതിനാൽ അടച്ചു പൂട്ടിയതാണെന്നും ഗ്രൂപ്പിലെ രണ്ടാമത്തെ അംഗം ഹോട്ടൽ ഏറ്റെടുത്ത് നടത്താൻ തയ്യാറായിട്ടുണ്ടെന്നും അറിയിച്ചു. ഫലപ്രദമായ രീതിയിൽ മോണിട്ടറിംഗ് നടത്തി പ്രൊജക്ടിൽ ലക്ഷ്യമിട്ട പോലെ സംരംഭങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്ന എന്നുറപ്പ് വരുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/2022-23 തീയതി 22.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഹോട്ടൽ അടച്ചു പൂട്ടിയതിനാൽ ഗ്രൂപ്പിന് അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്. ചെലവ് തുക 35465രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-24 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട്നമ്പർ | 85/23 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം പദ്ധതി -വനിത. |
| അടങ്കൽ | 800000 (400000 വികസനഫണ്ട് ജനറൽ<br>+ 400000 മറ്റുള്ളവ ) |
| ചെലവ് | 400000(വികസന ഫണ്ട് ജനറൽ) |
| ബിൽ നം/തീയതി | 234/10-2-23 |

| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
|---|---|

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 4 - 6 മാസം വരെ പ്രായമുള്ള 32 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെ ശാസ്ത്രീയ തീറ്റ നൽകി വളർത്തി ആരോഗ്യമുള്ള കാലി സമ്പത്ത് വളർത്തുക എന്നതാണ് ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മുൻനിർത്തി പ്രൊജക്ട് പ്രകാരം 32 കന്നുകുട്ടികളുടെ പരിപാലനത്തിനായി പഞ്ചായത്ത് വിഹിതവും സംസ്ഥാന വിഹിതവുമുൾപ്പെടെയുള്ള വികസന ഫണ്ടിൽ നിന്നും 400,000/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് അസി.ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. അസി.ഡയറക്ടറിൽ നിന്നും ലഭിച്ച വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ഏപ്രിൽ മാസം 2023ന് ആരംഭിച്ച പദ്ധതി പ്രകാരം ജൂലൈ മാസം 2023 വരെ 96,288 രൂപ ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ്, എടക്കര ക്ഷീരസഹകരണ സംഘം സൂക്ഷിച്ച വ്യക്തിഗത നാൾവഴി എന്നിവ പ്രകാരം രതകുമാരി കുന്നുമ്മേൽ എന്ന ഗുണഭോക്താവിന്റെ ഒരു കന്നുകുട്ടി മെയ് 2023 വരെ തീറ്റ സ്വീകരിച്ച ശേഷം പദ്ധതിയിൽ നിന്നും പിൻവാങ്ങിയതായി കണ്ടു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ടിയാരിയുടെ കന്നുകുട്ടിക്കുവേണ്ടി അടവാക്കിയ തുകയും പദ്ധതി പൂർത്തീകരിക്കുന്ന കാലയളവിനുള്ളിൽ ഏതെങ്കിലും ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻവാങ്ങുകയാണെങ്കിൽ അവരുടെ വിഹിതവും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും മുഴുവൻ തുകയുടേയും വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

1-25 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ക്ഷയരോഗികൾക്ക് ഭക്ഷണ വിതരണം നടത്തി.

മെഡിക്കൽ ഓഫീസർ പി.എച്ച്. സി നിർവ്വഹിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലെ 10 ക്ഷയരോഗികൾക്ക് ഒരു രോഗിക്ക് ഒരു മാസത്തേക്ക് 1000 രൂപ വീതം 6 മാസത്തെ പോഷകാഹാരം നൽകുകയാണ് ലക്ഷ്യമിടുന്നത്. ഇതിനായി സപ്ളൈകോ മുഖേന കടല, വെളിച്ചെണ്ണ, മട്ട അരി, ഗ്രീൻ ഗ്രാം, ബ്രോക്കൺ റൈസ്, ഗ്രൗണ്ട് നട്ട്, കാഷ്യു നട്ട്, ഒമാൻ ഡെയിറ്റ്സ്, ബദാം, അവിൽ, റവ തുടങ്ങിയ പോഷകാഹാരം വാങ്ങി ക്ഷയരോഗികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവ് | ബിൽ സാങ്ഷൻ നമ്പർ |
|---|---|---|---|
| 24/23 ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകൽ | 60000 (തനത് ഫണ്ട്) | 34000 (തനത്ഫണ്ട്) | 118/24-11-22,108 /3-11-22,133 /19-12-22,198 /30-1-23,85 /15-9-22 |

സ.ഉ.(കൈ) നം 115/2022 ത,സ്വ.ഭ.വ തീയ്യതി: 28-5-22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.6 പ്രകാരം എച്ച്.ഐ.വി ബാധിതർ, എയിഡ്സ് ബാധിതർ എന്നിവർക്കുള്ള പോഷകാഹാര പ്രോജക്ടുകൾ ഗ്രാമപ്രദേശങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംയുക്തമായി ഏറ്റെടുക്കാവുന്നതാണ്. സ.ഉ.(കൈ) നം 84/2022 ത,സ്വ.ഭ.വ തീയ്യതി: 19/4/2022 പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 8.8.3(2) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന ഭക്ഷണ വിതരണ പരിപാടികൾ ഏതൊക്കെയാണെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. മേൽ ഉത്തരവുകളിലൊന്നും തന്നെ ക്ഷയരോഗികൾക്കുള്ള പോഷകാഹാര വിതരണം ഉൾപ്പെടുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 5 പ്രകാരം നൂതന പ്രോജക്ടുകൾക്ക് അതിനായി രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതിയുടെ അനുമതിയോടെ സബ്സിഡി നൽകാം. ഇപ്രകാരം നൂതന പ്രോജക്ടായി മേൽ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട്

രൂപീകരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതും അല്ലാത്ത പക്ഷം മേൽ ഉത്തരവിൽ പറഞ്ഞ പ്രകാരം പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (13/21-8-23) മറുപടി നൽകിയിട്ടില്ല. 34000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം നൂതന പ്രോജക്ടായി രൂപീകരിച്ച് നടപ്പിലാക്കിയതിന്റെയോ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി ലഭ്യമായതിന്റെയോ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-26 ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 09/2021 മുതൽ 06/2022 വരെയുള്ള യാത്രാബത്ത ബില്ലുകൾ പാസാക്കിയിട്ടുണ്ട്. 30-08-2022 തീയതിയിലെ 22200412 നമ്പർ വൗച്ചർ മുഖേന 84,038 രൂപ യാത്രാബത്ത ഇനത്തിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ബി)6 പ്രകാരം ഔദ്യോഗിക യാത്ര നടത്തിയതിന്റെ തൊട്ടടുത്ത മാസം മുതൽ ജീവനക്കാരന് യാത്രാബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. യാത്രാബത്തക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം ജീവനക്കാരൻ ആയത് ക്ലെയിം ചെയ്യേണ്ടതാണ്. ടൂർ ഡയറി/നോട്ട് മുഖേന ജീവനക്കാരൻ യാത്രാബത്ത ക്ലെയിം ചെയ്യുന്ന മുറക്കാണ് ആയത് അനുവദിക്കേണ്ടത്. ILGMS ൽ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ ടൂർ ഡയറി അപ്‌ലോഡ് ചെയ്തതായി കാണുന്നില്ല. ഇതിൽ നിന്നും ടൂർ ഡയറി സമർപ്പിച്ച് ടി.എ. ക്ലെയിം ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ യാത്രാമാർഗ്ഗം, നിരക്ക് എന്നിവ നിശ്ചയിച്ചതെങ്ങനെയെന്നത് വ്യക്തമല്ല.

നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ടി.എ ഇനത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

1-27 പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ലഭ്യമല്ല

തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ വിവിധ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കും ശുചീകരണ പ്രവർത്തനങ്ങൾക്കുമായി ഓരോ വാർഡിലും 10,000 രൂപ വീതം ആകെ 1,70,000 രൂപ 17 വാർഡുകളിലുമായി അനുവദിച്ച് തരുന്നതിനായി മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) കത്ത് നം.സി-1122/2022 , തീ-07.07.22 പ്രകാരം അപേക്ഷിച്ചിരുന്നു. 13.07.2022 ലെ 22200316 നമ്പർ സാംഖ്യാ വൗച്ചർ, പെയ്മെന്റ് ഓർഡർ നം-62240097900303 പ്രകാരം തനത് ഫണ്ടിൽ നിന്ന് സി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് 1,70,000/- രൂപ നൽകിയിട്ടുണ്ട്.

എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കും ശുചീകരണത്തിനുമായി തുക ചെലവഴിച്ച് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങളും, ആയതിന്റെ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ILGMS ൽ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധന നടത്തിയതിൽ Advance To Implementing Officers(460500501) ഹെഡിൽ നിന്ന് 1,70,000 രൂപ നൽകിയതല്ലാതെ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ അപ്‌ലോഡ് ചെയ്തിട്ടില്ല . തുക ചെലവഴിച്ച് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങളും, ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് അഡ്ജസ്റ്റ് ചെയ്യേണ്ടതുമാണ്.

1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗാർഹിക പഠനത്തിന് മേശയും കസേരയും പ്രോജക്ട് നിർവ്വഹണം - അപാകതകൾ

പ്രോജക്ട് നം/പേര് :-127/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗാർഹിക പഠനത്തിന് മേശ,കസേര

അടങ്കൽ :-165000/- വികസന ഫണ്ട്-പട്ടികജാതി വിഭാഗം

ചെലവ് :- 165000/-(ബിൽ സാങ്ഷൻ നം.---29-3-23,256/21-2-23)

പ്രോജക്ട് പ്രകാരം നിർവ്വഹണ ഉദ്യോസ്ഥനായ ഹെഡ്മാസ്റ്റർ തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ 33 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ഒരു മേശയും കസേരയും 5000 രൂപ നിരക്കിൽ ആർട്കോയിൽ നിന്ന് നേരിട്ട് വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(കൈ) നം 115/2022 ത.സ്വ.ഭ.വ തീയ്യതി: 28-5-22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.6 പ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ പ്രസ്തുത ആനുകൂല്യത്തിന് അർഹരല്ല. 33 കുട്ടികൾക്കും പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2. ഗുണഭോക്താക്കളിൽ നതാഷ.വി, നേഹ.എം.എം, ഋതുദേവ് കൃഷ്ണ, കൃഷ്ണദേവ്.എം.പി, ആർണവ്.പി.കൃഷ്ണ എന്നീ 5 കുട്ടികളുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പ്രകാരം ആദ്യ രണ്ടു പേർ അത്തോളി പഞ്ചായത്തിലെയും മൂന്നാമത്തെയാൾ കോഴിക്കോട് കോർപ്പറേഷനിലെയും നാലാമത്തെയാൾ കക്കോടി പഞ്ചായത്തിലെയും അഞ്ചാമത്തെയാൾ പെരുമണ്ണ പഞ്ചായത്തിലെയും താമസക്കാരും തലക്കുളത്തൂർ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്നവരുമാണ്. 5 പേരും അവരുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/ 22-8-2023) ഹെഡ്മാസ്റ്റർ നല്കിയ മറുപടിയിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും, 5 പേരും അവരുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ രക്ഷിതാക്കളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം - അപാകതകൾ

പ്രോജക്ട് നം/പേര് :-125/23 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം

അടങ്കൽ :-50000/- വികസന ഫണ്ട്

ചെലവ് :- 49890/-(ബിൽ സാങ്ഷൻ നം. 427/29-3-23)

നിർവ്വഹണ ഉദ്യോസ്ഥൻ- ഹെഡ്മാസ്റ്റർ

8,9,10 ക്ളാസിലെ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകി കായികക്ഷമതയും ആരോഗ്യവും വർദ്ധിപ്പിക്കുകയാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. പ്രോജക്ട് പ്രകാരം 30 കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിയിട്ടുണ്ട്. സ്പോർട്സ് കൗൺസിലിൽ നിന്നുള്ള നീന്തൽ പരിശീലന സർട്ടിഫിക്കറ്റോട് കൂടിയ അശ്വതി.കെ, നടുവണ്ണൂർ എന്ന വ്യക്തിയാണ് നീന്തൽ പരിശീലിപ്പിച്ചത്. പ്രോജക്ട് നടത്തിപ്പിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. ഒരു വിദ്യാർത്ഥിക്ക് 100 രൂപ നിരക്കിൽ 3000 രൂപ നീന്തൽ സർട്ടിഫിക്കറ്റിന് കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വിദ്യാർത്ഥികൾക്ക് നൽകിയിട്ടില്ല.

2. പ്രൊജക്ട് പ്രകാരം 8,9,10 ക്ലാസ്സിലെ കുട്ടികളെ മാത്രമായി ഏത് മാനദണ്ഡത്തിന്റെ

അടിസ്ഥാനത്തിലാണ് നീന്തൽ പരിശീലനത്തിന് തെരഞ്ഞെടുത്തതെന്ന് വ്യക്തമല്ല.

3. പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16/ 22-8-2023 ) ഹെഡ്മാസ്റ്റർ നല്കിയ മറുപടിയിൽ അപേക്ഷ നൽകാൻ വൈകിയതു മൂലമാണ് സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതെന്നും ഉടൻ തന്നെ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റ് അടുത്ത ഗ്രാമ സഭയിൽ വച്ച് സാധൂകരിച്ച ശേഷം ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മറുപടിയിൽ പറഞ്ഞ പ്രകാരമുള്ള രേഖകൾ ഹാജരാക്കേണ്ടതും ഗുണഭോക്തൃ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതുമാണ്.

1-30 അഗതിരഹിതകേരളം പദ്ധതി - തുകയൊന്നും ചെലവഴിച്ചില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം, പേര്, | 115/23, അഗതിരഹിതകേരളം |
| അടങ്കൽ, ഫണ്ടിനം | 1,00,000, വികസനഫണ്ട്(ജനറൽ)<br>1,00,000, തനതുഫണ്ട്<br>2,00,000 |
| ചെലവ് | ഇല്ല |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മേൽ പറഞ്ഞ പ്രകാരം അഗതിരഹിതകേരളം പദ്ധതിക്കായി 2022-23 വർഷം 2,00,000 രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. സ.ഉ(കൈ) നം.84/22/LSGD തീയതി 19.4.22 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 5.2(എ)(5) പ്രകാരം അഗതികേരളം പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും അനിവാര്യമായും വിഹിതം നീക്കി വെയ്ക്കേണ്ടതാണ്. കൂടാതെ സ.ഉ.(എം.എസ് )252/17/ത.സ്വ.ഭ.വ തീയതി 12.12.2017 നമ്പർ ഉത്തരവിലെ ഖണ്ഡിക 2.5.4 പ്രകാരം അഗതികേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പദ്ധതി കാലയളവിനുള്ളിൽ മുഴുവൻ സേവനവും ലഭ്യമാക്കുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിലവിൽ 120കുടുംബങ്ങളാണ് പദ്ധതിയുടെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ചലഞ്ച് ഫണ്ടുപയോഗിച്ച് ഭക്ഷണകിറ്റ് നൽകിയതല്ലാതെ മറ്റ് സേവനങ്ങളൊന്നും ഓഡിറ്റ് വർഷം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃപട്ടികയിലുൾപ്പെട്ട കുടുംബങ്ങൾക്ക് ലഭിക്കാനവശേഷിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതും 2022-23 വർഷം പദ്ധതി പ്രകാരം തുകയൊന്നും ചെലവഴിക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്. അപാകതകൾ സൂചിപ്പിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 24/2022-23 തീയതി 22.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-31 പാലോറ അങ്കണവാടി - പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ സെന്റർനം.4, പാലോറ അങ്കണവാടിയുടെ കെട്ടിടവാടക നൽകുന്നതിനായി പ്രൊജക്ട് നം. 113/23 പ്രകാരം 12,000രൂപ ചെലവഴിച്ചിട്ടുണ്ട്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന അങ്കണവാടിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ അൺഫിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിനെ തുടർന്ന് 3 വർഷങ്ങൾക്ക് മുമ്പാണ് വാടകകെട്ടിടത്തിലേക്ക് മാറിയത്. നിലവിൽ ഒരു ഒറ്റമുറി കെട്ടിടത്തിലാണ് അങ്കണവാടി പ്രവർത്തിക്കുന്നത്. ചെറിയ കടമുറിയായതിനാൽ അടുക്കളയും ക്ലാസ്സ് മുറിയും തമ്മിൽ വേർതിരിച്ചിട്ടില്ല. കുട്ടികൾ ഇരിക്കുന്നതിനടുത്തായി തന്നെയാണ് ഗ്യാസ് അടുപ്പ് വെച്ചിരിക്കുന്നത്. ഇത് കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാണ്. സ.ഉ(കൈ) നം.84/22/LSGD തീയതി 19.4.22 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.8.2(1) പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, മറ്റ് ഭൗതിക

സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകണം. എന്നാൽ അങ്കണവാടിയുടെ പ്രവർത്തനം വാടക കെട്ടിടത്തിലേക്ക് മാറി 3 വർഷം കഴിഞ്ഞെങ്കിലും പഴയ കെട്ടിടം പൊളിച്ച് മാറ്റി പുതിയത് നിർമ്മിക്കുന്നതിന് ഇതു വരെ പ്രൊജക്ട് തയ്യാറാക്കിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 27/2022-23 തീയതി 22.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 ടേക്ക് - എ ബ്രേക്ക് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

സ.ഉ.(കൈ) നം. 39/20/തസ്വഭവ തീയതി 20.2.2020, സ.ഉ.(കൈ) നം. 45/20/തസ്വഭവ തീയതി 6.3.2020 എന്നീ ഉത്തരവുകൾ പ്രകാരം വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക് ' വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. സ.ഉ.(സാധാ) നം. 1401/20/തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് എ ബ്രേക്ക് നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം പദ്ധതി വിഭാവനം ചെയ്തിരുന്നു.

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഇ – ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ചെങ്കിലും ടെണ്ടർ ഓപ്പണിംഗ് തീയതി 2021 ഫെബ്രുവരി മാസമായിരുന്നതിനാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരികയും അത് മൂലം ടെണ്ടർ അംഗീകരിക്കുന്നതിനോ, പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനോ സാധിച്ചില്ല. പിന്നീട് 12.05.2021 ന് പി.പി മുഹമ്മദ്കോയ പി.ഡബ്ള്യൂ.ഡി കോൺട്രാക്ടറുടെ ടെണ്ടർ അംഗീകരിക്കുകയും, 05.07.2021 ന് എഗ്രിമെന്റിൽ ഏർപ്പെട്ട് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ചു. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ സ്പിൽ ഓവർ പദ്ധതിയായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | 2020 - 21 | 2021 - 22 | 2022 - 23 |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0219/21 | S00133/22 | S0039/23 |
| പ്രോജക്ടിന്റെ പേര് | ടേക്ക് എ ബ്രേക്ക് | | |
| എഗ്രിമെന്റ് നം. തീയതി | AE/LSGD/TKR/02/2021 -22/05/07/21 | | |
| അടങ്കൽ | 24,50,000 | 24,50,000 | 2096189 |
| എഗ്രീഡ് പി.എ.സി | 1804367.80 ( DSR 2016) | | |
| ചെലവ് | 0 | 3,53,811 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 15,00,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ബിൽ നം/തീയതി | ------------- | 347/30 /03/22 | 435/29/03/23 |

| | | | |
|---|---|---|---|
| കരാറുകാരന്റെ പേര് | പി.പി മുഹമ്മദ്കോയ പി.ഡബ്ല്യൂ.ഡി കോൺട്രാക്റ്റർ | | |
| ആകെ വേല മൂല്യം | 2020891/ - (2nd And Final Bill പ്രകാരം ) | | |
| പദ്ധതിയിൽപൂർത്തീകരിച്ച വർക്കുകൾ | -- | ലിന്റൽ വർക്ക് വരെ | കെട്ടിടം പണി പൂർത്തീകരിച്ചു. |

ഗ്രാമപഞ്ചായത്ത് ഓഫീസിനടുത്തായി കോഴിക്കോട് - കുറ്റ്യാടി റോഡിനോട് ചേർന്ന് പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ പറ്റുന്ന സ്ഥലത്താണ് ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. പണിപൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള റീസർവ്വേ നമ്പർ RIAS 146/2 ൽ ഉൾപ്പെട്ട താൽക്കാലികമായി വിട്ടുനൽകിയ 3 സെന്റ് സ്ഥലത്താണ്. (കോഴിക്കാട് ജില്ലാ കലക്ടറുടെ L1 -7572 02 / 11/2020 ലെ ഉത്തരവ് പ്രകാരം ) പ്രസ്തുത ഉത്തരവിൽ താൽക്കാലികമായി വിട്ടുനൽകിയ ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ലീസിന്/ഭൂമി വിലയ്ക്ക് വാങ്ങൽ പദ്ധതി പ്രകാരം ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം റവന്യൂ വകുപ്പിന്റെ നിലവിലെ ഉത്തരവ് പ്രകാരം ക്രമവൽക്കരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സ.ഉ.(സാധാ) നം. 1401/2020/തസ്വഭവ തീയതി 27.7.2020 പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക XI പ്രകാരം ഏതെങ്കിലും വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലാണ് വിശ്രമകേന്ദ്രം നിർമ്മിക്കാനുദ്ദേശിക്കുന്നതെങ്കിൽ പ്രസ്തുതസ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ തസ്വഭവ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. എന്നാൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചതായി കാണുന്നില്ല. മേൽ ഉത്തരവിലെ ഖണ്ഡിക XII പ്രകാരം 30.11.2020 നകം പ്രവൃത്തി പൂർത്തികരിക്കേണ്ടതാണ്. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

18.08.2023 ന് ഉച്ച കഴിഞ്ഞ് എൽ .എസ്.ജി.ഡി ജീവനക്കാരോടൊപ്പം 4 മണിക്ക് നടന്ന സ്ഥല പരിശോധനയിൽ കണ്ട. കാര്യങ്ങൾ ചുവടെ പറയുന്നു.

1. റവന്യൂ വകുപ്പിൽ നിന്നും താൽക്കാലികമായി വിട്ടുകിട്ടിയ 3സെന്റ് സ്ഥലത്ത് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. വയറിംഗ്, പ്ലംബിംഗ് എന്നിവ പൂർത്തീകരിച്ചതായി കാണുന്നു. (2023-24 പദ്ധതി) എന്നാൽ വൈദ്യുതി കണക്ഷൻ, വെള്ള സൗകര്യം എന്നിവ ഏർപ്പെടുത്തിയതായി കാണുന്നില്ല.

3.എം .ബുക്ക് പേജ് നമ്പർ - 17/772/18-19, ( Final Bill M -Book 18/14/22 – Od )

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തി - 6 Pvc DOOR - സൈറ്റിൽ ലഭ്യമായത് - 8 PVC Door (വ്യത്യാസം വന്നത് മാത്രം) - അധികമായി 2 പി.വി.സി ഡോർ ഉണ്ട്.

4.കെട്ടിടത്തിൽ 19.276 എം2 ൽ എ.സി.പി വർക്ക് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, എക്സ്ട്രാ ഐറ്റം എന്നിവയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

5.കെട്ടിടത്തിന്റെ ഇടത്ത് വശത്ത് ചുമരിനോട് ചേർന്ന് മെയിൻ സ്വിച്ച് പിടിപ്പിച്ചതിന്റെ തൊട്ട് താഴെയായി ഇന്റർലോക്ക് ചെയ്ത മുറ്റത്ത് 3 ഇന്റർലോക്ക് Tile ഇളക്കി മാറ്റിയിട്ടതായി കാണുന്നു.

കെട്ടിടത്തിൽ 19.276 എം2 ൽ എ.സി.പി വർക്ക് ചെയ്തിട്ടുണ്ട്,എന്നാൽ ഇത് എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, എക്സ്ട്രാ ഐറ്റം എന്നിവയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത വർക്ക് ചെയ്തതിനും, വൈദ്യുതി കണക്ഷൻ, വെള്ള സൗകര്യം എന്നിവ ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കയാണെന്നും സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് എത്രയും പെട്ടെന്ന് പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനും, പദ്ധതി

പ്രവർത്തനക്ഷമമാക്കാത്തതിനും കാരണം ബോദ്ധ്യപ്പെടുത്തേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ 22.08.2023 ന് മറുപടി ലഭ്യമാക്കിയത് ഇപ്രകാരമാണ്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ 9 എക്സ്ട്രാ ഐറ്റം ഉൾപ്പെടുത്തിയതിനാൽ A C P വർക്ക് ഒഴിവാക്കേണ്ടി വന്നുവെന്നും, എന്നാൽ പ്രവർത്തി അടിയന്തിരമായി ചെയ്ത് തീർക്കേണ്ട പ്രവർത്തി ആയതിനാലും, മുഖ്യമന്ത്രിയുടെ 12 ഇന പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തിയായതിനാൽ രൂപഭംഗി ഒരു അവിഭാജ്യഘടകമായതിനാലും ഭരണസമിതിയുടെ ഇടപെടലിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ ചെയ്തതാണെന്നും എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ജലലഭ്യതയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ കിണറിൽ 1 H.P മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ തൻവർഷം ചെലവഴിച്ച 15,00,000/-രൂപ തടസ്സപ്പെടുത്തുന്നു. റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും, അപാകതകൾ പരിഹരിച്ച് സർക്കാർ ഉത്തരവ് പ്രകാരം സൗകര്യങ്ങൾ ഏർപ്പെടുത്തി സമയബന്ധിതമായി പ്രവർത്തനം ആരംഭിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-33 പ്രോജക്ട് പ്രകാരം ചെയ്യാത്ത ചെലവ് കൂടി സുലേഖയിൽ ചെലവായി കാണിച്ചു.

മെഡിക്കൽ ഓഫീസർ പി.എച്ച്. സിയുടെ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ചപ്പോൾ പ്രോജക്ട് പ്രകാരം യഥാർത്ഥത്തിൽ നടക്കാത്ത ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി കാണിച്ചിരിക്കുന്നതായി കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | പ്രോജക്ട് പ്രകാരം യഥാർത്ഥ ചെലവ് | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | സുലേഖ സ്റ്റേറ്റ്മെന്റിൽ അധികമായി കാണിച്ച ചെലവ് |
|---|---|---|---|---|
| 1 | 24/23 ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകൽ | 34000(തനത്ഫണ്ട്) | 52000 | 18000 |
| 2 | 162/23 ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 97892 (ഹെൽത്ത് ഗ്രാന്റ്) | 234479 | 136587 |

യഥാർത്ഥത്തിൽ നടക്കാത്ത ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി കാണിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/21-8-2023 ) സെക്രട്ടറി നല്കിയ മറുപടിയിൽ ക്രമ നം 1 പ്രകാരമുള്ള പ്രോജക്ടിന്റെ കാര്യത്തിൽ മെഡിക്കൽ ഓഫീസർ സാംഖ്യയിൽ ബില്ല് തയ്യാറാക്കിയിരുന്നെങ്കിലും പഞ്ചായത്തിൽ ബിൽ സബ്മിറ്റ് ചെയ്തിരുന്നില്ല എന്നാണറിയിച്ചത്. ക്രമ നം.2 പ്രോജക്ടിന്റെ കാര്യത്തിൽ പദ്ധതിയുടെ ബില്ല് മാർച്ച് 27 ന് പഞ്ചായത്തിൽ ഹാജരാക്കിയിരുന്നെങ്കിലും പി.എഫ്.എം.എസ് അക്കൗണ്ട് വഴിയുള്ള ട്രാൻസാക്ഷനിൽ സാങ്കേതിക പ്രശ്നങ്ങൾ കാരണം തുക ബെനിഫിഷറിക്ക് ലഭ്യമായിട്ടില്ല എന്നാണറിയിച്ചത്. രണ്ടു പ്രോജക്ടുകളുടെയും കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വെബ് സാംഖ്യയിൽ ബില്ല് ജനറേറ്റ് ചെയ്ത് കഴിഞ്ഞ് സെക്രട്ടറി അലോട്ട്മെന്റ് അപ്രൂവ് ചെയ്ത് കഴിഞ്ഞാൽ അക്കൗണ്ടന്റിന്റെ ലോഗിനിൽ പെയ്മെന്റിൽ ബില്ല് ഉണ്ടാകും. അങ്ങിനെയുള്ള ബിൽ അറിയാതെ പെയ്മെന്റ് ചെയ്തതിനാലാണ് സുലേഖയിൽ ചെലവ് വന്നത് എന്നും ആയത് പരിഹരിക്കുന്നതിന് സുലേഖയിൽ കംപ്ലയിന്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നുമാണ് അറിയിച്ചത്.

ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 18.08.2023, 19.08.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 18,00,000 | ലൈഫ് ഭവന പദ്ധതി എസ്സ് സി | 18,00,000 | 0 |
| | 2022-23 | 1,20,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1,20,000 | 0 |
| | 2022-23 | 2,97,300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,97,300 | 0 |
| | 2022-23 | 50,000 | ക്ഷീരസംഘങ്ങൾ മുഖേന കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50,000 | 0 |
| | 2022-23 | 1,00,000 | ക്ഷീരകർഷകന് പാലിന് സബ്സിഡി | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,40,000 | ലൈഫ് ഭവന പദ്ധതി എസ്സ് സി | 4,40,000 | 0 |
| | 2022-23 | 2,00,000 | ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം | 2,00,000 | 0 |
| | 2022-23 | 1,16,750 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,16,750 | 0 |
| | 2022-23 | 39,44,341 | ചെന്തോട് നവീകരണം | 39,44,341 | 0 |
| | 2022-23 | 50,000 | ക്ഷീരസംഘങ്ങൾ മുഖേന കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50,000 | 0 |
| | 2022-23 | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | 0 |

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു .

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | സാമ്പത്തിക വർഷം | തൻവർഷം വായ്പ എടുത്ത തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് – ഹഡ്കോ വായ്പ | സ.ഉ.(എം.എസ്) 68/2018/ എൽ.എസ്. | 2022-23 | - | 67,71,262 | 16,42,607 | ഇല്ല | 51,28,655 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ജി.ഡി/ 18.5.2018 | | | | | | |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (2021-22 ബാലൻസ് ഷീറ്റ് ബി-12 പ്രകാരം) | 28,13,685 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (2022-23 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം) | 28,00,493 |
| തൻവർഷം നിക്ഷേപിച്ച തുക | 1,58,282 |
| ആകെ | 29,58,775 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 29,58,775 |

ഫിക്സഡ് ഡെപ്പോസിറ്റ്-മുൻവർഷത്തെ വാർഷിക കണക്ക് നീക്കിയിരിപ്പും ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ മുന്നിരിപ്പും പൊരുത്തപ്പെടാത്തത് ഖണ്ഡിക 1-1-7, 1-13 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | കെ. ഡി. സി ബാങ്ക് FD No:100311807520293 | 20,02,531 | |
| 2 | കെ. ഡി. സി ബാങ്ക് FD No:100311807520240 | 9,56,244 | |
| ആകെ | | 29,58,775 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 86,134/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ഉദ്യോഗസ്ഥരും | തിയ്യതി |
|---|---|---|---|---|
| 2010-11 | 3-6 | 86,134 | ശ്രീ.അബിലാഷ്.ടി അസി.എഞ്ചിനിയർ | 1220000127, Dtd.14.09.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 ഡി.സി.ബി | | 2011-12 | 3-2-7 | ആസ്തി രജിസ്റ്റർ പരിപാലനം |
| | | 2011-12 | 3-2-9 | കണക്ടിവിറ്റി പ്ലാൻ |
| | | 2011-12 | 3-2-12-11 | മരാമത്ത് പണികളുടെ നടത്തിപ്പ് |
| | | 2011-12 | 3-2-20-10 | എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാർ അപര്യാപ്തം |
| | | 2011-12 | 3-2-13 | ഗുണഭോക്തൃ കമ്മറ്റി – മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| | | 2013-14 അവലോകനം | 6-1-2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല |
| | | 2013-14 അവലോകനം | 6-1-3 | പെർഫോമൻസ് ഗ്രാന്റ് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു |
| 2015-16 | 3-5 | 2016-17 | 5-2-2 | മരാമത്ത് പ്രവൃത്തി – മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ അധികം ചെലവ് ചെയ്തു |
| 2014-15 | 2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-6 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ |
| 2016-17 | 2-2 | 2017-18 | 1-11-14 | വസ്തു നികുതി പരിഷ്കരണം - അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 4,35,20,838 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 4,10,10,986 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,41,764 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 4,99,900 | ശ്രീ. അഭിലാഷ്.ടി, അസി.എഞ്ചിനിയർ |
| 1-21 | 97,399 | ഡോ. രഞ്ജിത് ചന്ദ്ര, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-22 | 75,000 | ശ്രീ. രാജീവ് കാവുംപുറത്ത്താഴം, അസി.സെക്രട്ടറി |
| 1-23 | 35,465 | ശ്രീമതി. റീജ മാക്കഞ്ചേരി, അസി.സെക്രട്ടറി |
| 1-25 | 34,000 | ഡോ. ബേബിപ്രീത.കെ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-32 | 15,00,000 | ശ്രീ. അഭിലാഷ്.ടി, അസി.എഞ്ചിനിയർ |
| ആകെ | 22,41,764 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജീവ് കാവുംപുറത്ത്താഴം, അസി.സെക്രട്ടറി | വിരമിച്ച | കാവുംപുറത്ത്താഴം, തലക്കുളത്തൂർ, കോഴിക്കോട് |
| ശ്രീമതി. റീജ മാക്കഞ്ചേരി, അസി.സെക്രട്ടറി | അസി.സെക്രട്ടറി, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | മാക്കഞ്ചേരി, തലക്കുളത്തൂർ, കോഴിക്കോട് |
| ശ്രീ. അഭിലാഷ്.ടി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | ഹരിനയനം, കരുവശ്ശേരി(പി. ഒ), കുണ്ടൂപറമ്പ, കോഴിക്കോട് |
| ഡോ. ബേബിപ്രീത.കെ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), നരിക്കുനി | ജനിക, കാരാടി,താമരശ്ശേരി, കോഴിക്കോട് |
| ഡോ. രഞ്ജിത് ചന്ദ്ര, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), ആയഞ്ചേരി | ചാന്ദിനി,ചേളന്നൂർ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1993-94 | എൽ.എഫ്.എസ്.2/1271/94 തി. 31.3.95 | 1 | 29 |
| 2000-01 ഡി.സി.ബി. | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 (1)തി-29.04.23 | 6 | 1എ, 2-1, 2-2, 2-3, 3-1, 4-1 |

| | | | |
|---|---|---|---|
| 2001-02 ഡി.സി.ബി. | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22(3) തി-29.04.23 | 3 | 1-1, 3-1,4-4 |
| 2004-05 | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 തി-29.04.23 | 1 | 3-13 |
| 2006-07 | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 തി-29.04.23 | 1 | 3-3, (4,5,6,7,8) |
| 2008-09 | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 തി-29.04.23 | 2 | 3-10(1,2,3),3-26 |
| 2010-11 | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 തി-29.04.23 | 1 | 3-6 |
| 2011-12, 2012-13 | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 തി-29.04.23 | 1 | 3-2 |
| 2013-14, 2014-15 | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 തി-29.04.23 | 1 | 2-3 |
| 2015-16 | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 തി-29.04.23 | 5 | 2-1,2-6,3-1,3-5,3-8 |
| 2016-17 | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 തി-29.04.23 | 1 | 2-2 |
| 2017-18 | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 തി-29.04.23 | 4 | 2-1, 2-2(1,2), 2-3, 3-1 |
| 2018-19 | കെഎസ്.എ.കെ.കെ.ഡി/പി 4/ 1298/22 തി-29.04.23 | 1 | 1-9 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.4/ 821/2021 തീ.6.10.2021 | 10 | 1-6,1-8 (1 To 9),1-9, 1-10,1-11,1-12,1-13, 1-16,1-17,1-22 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.4/ 646/2023 തീ.15.5.2023 | 19 | 1-1,1-2,1-7-1,1-9 മുതൽ 1-14 വരെ , 1-17 മുതൽ 1-20 വരെ, 1-22, 1-23, 1-24,1-26,1-27, 1-29,4-5,4-10 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി.4/ 112/2023 തീ.29.5.2023 | 37 | 1-1,1-2,1-8 മുതൽ 1-37 വരെ,3-1,3-2,3-3,3-4 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 11-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thalakkulathur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thalakkulathur Grama Panchayat for the year 2022-2023

Date: 04/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Thalakkulathur Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

a) Basic ratios to accounts are not included in the Annual Finance Statement.

b) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

c) Closing Balance of accounts differs in AFS, passbook and bank book.

d) Lapses in making timely and accurate demand entries in Property Tax.

e) Withdrawal without entry in bankbook.

f) Mismatch in the amounts shown in AFS and Register Abstracts.

g) Previous year fixed deposit closing balance does not match with the opening balance shown in the investment register.

h) Grant liability amount shown as liability in the balance sheet does not match with the specific bank account balance.(Eg-CFC(tied&untied)

i) Expenditure amount shown in AFS does not match with the ACR amount.

j) Lapses in properly documenting the property tax arrears.

Deputy Director,
District Audit Office, Kozhikode

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്